


പ്രകാശ് മണികണ്ഠൻ PTMYHSS EDAPPALAM

**1 ഋതുഭേതങ്ങൾക്കുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാം ?**

ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ്
പരിക്രമണം
അച്ചുതണ്ടിന്റെ സമാന്തരത

**2 പരിക്രമണം എന്നാൽ എന്ത്?**

ദീർഘവൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലൂടെ ഭൂമി സൂര്യനെ ചുറ്റുന്നതിനെയാണ് പരിക്രമണം എന്ന് പറയുന്നത്.

**3 പരിക്രമണത്തിനായി ഭൂമി എടുക്കുന്ന സമയം എത്രയാണ്?**

365 1/4 ദിവസം

**4 പരിക്രമണം ഋതുഭേതത്തിന് കാരണമാകുന്നത് എങ്ങിനെ ?**

ഭൂമിയുടെ പരിക്രമണം ദീർഘവൃത്താകൃതിയിലുള്ള ഭ്രമണപഥത്തിലൂടെയാണ്. അതിനാൽ ചില സന്ദർഭങ്ങളിൽ ഭൂമി സൂര്യനോട് വളരെ അടുത്തുവരികയും മറ്റ് ചിലപ്പോൾ അകന്ന് പോകുകയും ചെയ്യുന്നു. ഇത് മൂലം സൗരോർജ്ജത്തിന്റെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നു. ഇത് ഋതുഭേതത്തിന് കാരണമാകുന്നു.

**5 സൂര്യസമീപകം, സൂര്യോച്ചം എന്നാൽ എന്തെന്ന് വ്യക്തമാക്കുക ?**

പരിക്രമണവേളയിൽ ഭൂമി സൂര്യനുമായി അടുത്തുവരുന്നവേളകളെ സൂര്യസമീപകം എന്നും അകന്ന് പോകുന്ന സന്ദർഭത്തെ സൂരോച്ചം എന്നും പറയുന്നു.

**6 താഴെക്കൊടുത്തിരിക്കുന്ന ചിത്രത്തിൽ  സൂര്യോച്ചം  സൂര്യസമീപം എന്നിവ ഏതെന്ന് വ്യക്തമാക്കുക**




സൂര്യോച്ചം  1      സൂര്യസമീപം  2

**7 ഭൂമിയുടെ അച്ചുതണ്ടിന്റെ ചരിവ്  എത്രയാണ്  ?**

ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണതലത്തിൽ  നിന്ന് 66  *1/2* ഡിഗ്രിയും  ലംബതലത്തിൽ നിന്ന് 23 *1/2* ഡിഗ്രിയും ചരിവ് ഉണ്ട്

**8 അച്ചുതണ്ടിന്റെ സമാന്തരത എന്നാൽ എന്ത്  ?**

ഭൂമി പരിക്രമണവേളയിൽ ഉടനീളം അച്ചുതണ്ടിന്റെ  ചരിവ് ഒരുപോലെ നിലനിർത്തുന്നു. ഇതിനെ അച്ചുതണ്ടിന്റെ സമാന്തരത എന്ന് പറയുന്നു.

**9 അയനം എന്നാൽ എന്ത്?**

ഭൂമി അച്ചുതണ്ടിന്റെ  ചരിവ് പരിക്രമണവേളയിൽ ഉടനീളം ഒരുപോലെ നിർത്തുന്നതിനാൽ സൂര്യന്റെ ആപേക്ഷിക സ്ഥാനം ഉത്തരായനരേഖക്കും ദക്ഷിണായനരേഖക്കും  ഇടയിൽ മാറിക്കൊണ്ടിരിക്കുന്നു ഇതിനെ അയനം എന്നു പറയുന്നു

**10 ഉത്തരായനം എന്നാൽ എന്ത്  ?**

ശൈത്യ അയനാന്തദിനത്തെ തുടർന്ന് സൂര്യൻ ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള അയനം ആരംഭിക്കുകയും ജൂൺ 21 ന് ഉത്തരായനരേഖക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു. ദക്ഷിണായനരേഖയിൽ നിന്നും ഉത്തരായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ഉത്തരായനം എന്ന് പറയുന്നു

## 11 ദക്ഷിണായനം എന്നാൽ എന്ത് ?

ഗ്രീഷ്മ അയനാന്തദിനത്തെ തുടർന്ന് സൂര്യൻ ഉത്തരായനരേഖയിൽ നിന്നും ദക്ഷിണായനരേഖലേക്കുള്ള അയനം ആരംഭിക്കുകയും ഡിസംബർ 22 ന് ദക്ഷിണായനരേഖയ്ക്ക് നേർമുകളിൽ എത്തുകയും ചെയ്യുന്നു. ഉത്തരായനരേഖയിൽ ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനത്തെ ദക്ഷിണായനം എന്ന് പറയുന്നു.

## 12 വിഷുവം (സമരാത്രദിനം) എന്നാലെന്ത് ?

സൂര്യൻ ഭൂമധ്യരേഖയ്ക്ക് മുകളിലായി എത്തുന്ന ദിവസങ്ങളാണ് വിഷുവം അഥവാ സമരാത്രദിനം.

മാർച്ച് 21, സെപ്റ്റംബർ 23 എന്നീ ദിവസങ്ങളിലാണ് സൂര്യൻ ഭൂമധ്യരേഖയ്ക്ക് മുകളിൽ എത്തുന്നത്.

ഈ ദിവസങ്ങളിൽ രണ്ട് അർദ്ധഗോളങ്ങളിലും രാത്രിയുടെയും പകലിനെയും ദൈർഘ്യം തുല്യമായിരിക്കും

## 13 ഭൂമിയുടെ അച്ചുതണ്ടിന് സമാന്തരത കാണിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ളതാണ് ചുവടെ കാണുന്ന ചിത്രങ്ങൾ. ഇവയിൽ സമാന്തരത ശരിയായി ചിത്രീകരിച്ചിട്ടുള്ളത് ഏതൊക്കെ ?




B മാത്രം

## 14 ഗ്രീഷ്മഅയനാന്ത ദിനം എന്നാൽ എന്ത് ?

സൂര്യൻ ഉത്തരായനരേഖക്ക് നേർമുകളിൽ എത്തുന്ന ദിവസമാണ് ഗ്രീഷ്മഅയനാന്തദിനം.

ജൂൺ 21 നാണ് സൂര്യൻ ഉത്തരായനരേഖക്ക് നേർമുകളിൽ എത്തുന്നത്

ഈ ദിവസം ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു

## 15 ശൈത്യഅയനാന്ത ദിനം എന്നാൽ എന്ത് ?

സൂര്യൻ ദക്ഷിണായനരേഖക്ക് നേർമുകളിൽ എത്തുന്ന ദിവസമാണ് ശൈത്യഅയനാന്തദിനം.

ഡിസംബർ 22 നാണ് സൂര്യൻ ദക്ഷിണായനരേഖക്ക് നേർമുകളിൽ എത്തുന്നത്

ഈ ദിവസം ദക്ഷിണാദ്ധർധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും ഏറ്റവും ഹ്രസ്വമായ രാത്രിയും അനുഭവപ്പെടുന്നു

## 16 ഹേമന്തകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

*വേനൽക്കാലത്തിന്റെ തീഷ്ണതയിൽ നിന്ന് ശൈത്യത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തം

*ഹേമന്ത കാലത്ത് അന്തരീക്ഷ ഊഷ്മാവ് ക്രമേണ കുറഞ്ഞു വരുന്നു

*പകലിന്റെ ദൈർഘ്യം കുറഞ്ഞുവരികയും രാത്രിയുടെ ദൈർഘ്യം കൂടുകയും ചെയ്യുന്നു

*ചെടികൾ ഇലപൊഴിക്കുന്നത് ഈ കാലത്താണ്

*മാർച്ച് 21 മുതൽ ജൂൺ 21 വരെയാണ് ദക്ഷിണാർദ്ധഗോളത്തിൽ ഹേമന്തം

*സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയാണ് ഉത്തരാർദ്ധഗോളത്തിൽ ഹേമന്തം

## 17 വസന്തകാലത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

*ശൈത്യകാലത്തുനിന്നും വേനൽക്കാലത്തേക്കുള്ള മാറ്റത്തിന്റെ കാലമാണ് വസന്തം

*ഈ കാലയളവിൽ അന്തരീക്ഷ ഊഷ്മാവ് ക്രമേണ കൂടിവരുന്നു

*പകലിന്റെ ദൈർഘ്യം കൂടിവരികയും രാത്രിയുടെ ദൈർഘ്യം  കുറഞ്ഞുവരികയും ചെയ്യുന്നു

*ചെടികൾ തളിർക്കുന്നതും പൂക്കുന്നതും ഈ കാലത്താണ്

*ഉത്തരാർദ്ധഗോളത്തിൽ മാർച്ച് 21 മുതൽ ജൂൺ 21 വരെയാണ് വസന്തകാലം

*ദക്ഷിണാർദ്ധഗോളത്തിൽ സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെയാണ് വസന്തം

## 18 മരങ്ങൾ ഹേമന്തകാലത്ത് ഇലപൊഴിക്കുന്നത് എന്തുകൊണ്ട്?

വേനൽക്കാലത്തുനിന്ന് ശൈത്യകാലത്തേക്കുള്ള പരിവർത്തന കാലമാണ് ഹേമന്തം.വരാനിരിക്കുന്ന വരണ്ട ശൈത്യകാലത്തെ അതിജീവിക്കാനുള്ള തയ്യാറെടുപ്പിന് വേണ്ടിയാണ് മരങ്ങൾ ഇലപൊഴിക്കുന്നത്.

**19 താഴെക്കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ഏത് ദിവസത്തെ സൂചിപ്പിക്കുന്നു ?**

**A**




**B**




**C**




**A** ശൈത്യഅയനാന്തദിനം (ഡിസംബർ 22)

B ഗ്രീഷ്മഅയനാന്തദിനം ( ജൂൺ 21)

C സമരാത്രദിനം ( മാർച്ച് 21, സെപ്റ്റംബർ 23 )

**20 ഉത്തരാർദ്ധഗോളത്തിൽ അനുഭവപ്പെയുന്ന ഋതുക്കളാണ് പട്ടികയിൽ. ഈ കാലങ്ങളിൽ ദക്ഷിണാർദ്ധഗോളത്തിൽ അനുഭവപ്പെയുന്ന ഋതുക്കൾ ഏതെല്ലാം ?**

| | മാസം | ഋതുക്കൾ |
|---|---|---|
| A | ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ശൈത്യകാലം |
| B | മാർച്ച് 21 മുതൽ ജൂൺ 21 വരെ | വസന്തകാലം |
| C | ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഗ്രീഷ്മകാലം |
| D | സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഹേമന്തകാലം |

A ഗ്രീഷ്മകാലം

B ഹേമന്തകാലം

C ശൈത്യകാലം

D വസന്തകാലം

**21 പ്രാദേശിക സമയം എന്നാൽ എന്ത് ?**

ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനം, സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴൽ എന്നിവയെ അടിസ്ഥാനമാക്കിയായിരുന്നു ആദ്യകാലങ്ങളിൽ സമയം നിർണയിച്ചിരുന്നത്. ഇപ്രകാരം സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയത്തെയാണ് പ്രാദേശികസമയം എന്ന് പറയുന്നത്.

**22 സമയമേഖലകൾ എന്നാൽ എന്ത് ?**

ഗ്രീനിച്ച് അടിസ്ഥാനമാക്കി ഒരു മണിക്കൂർ വീതം സമയവ്യത്യാസമുള്ള ഇരുപത്തിനാല് മേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു. ഇവയെ സമയമേഖലകൾ എന്നു വിളിക്കുന്നു.

**23 ഗ്രീനിച്ച് രേഖയിൽ നിന്ന് പടിഞ്ഞാറോട്ട് പോകുന്തോറും സമയം കുറഞ്ഞു വരുന്നതെന്തുകൊണ്ട് ?**

ഭൂമിയുടെ ഭ്രമണം പടിഞ്ഞാറ് നിന്ന് കിഴക്കോട്ട് ആയതിനാൽ സമയ കൂടുതൽ രേഖപ്പെടുത്തുന്നത് കിഴക്കോട്ടും സമയക്കുറവു രേഖപ്പെടുത്തുന്നത് പടിഞ്ഞാറോട്ടും ആയിരിക്കും.

**24** ഒരു ഡിഗ്രി രേഖാംശത്തിനിടയിലുള്ള സമയവ്യത്യാസം എത്രയാണ്?

നാലു മിനിറ്റ്

**25** ഒരു ഡിഗ്രി രേഖാംശരേഖയിലെ സമയ വ്യത്യാസം നാലു മിനിറ്റായി കണക്കാക്കുന്നത് എങ്ങനെ ?

ഭൂമി ഒരു ഭ്രമണം പൂർത്തിയാക്കുന്നു അതിന് 24 മണിക്കൂർ സമയം എടുക്കുന്നു

അതായത് 1440 മിനിറ്റ്

360 ഡിഗ്രി തിരിയാൻ വേണ്ട സമയമാണ് 1440 മിനിറ്റ്

ഒരു ഡിഗ്രി രേഖാംശത്തിന് 4 മിനിറ്റ് (1440 / 360 = 4)

**26** സമയം നിർണയത്തിൽ ഗ്രീനിച്ച് രേഖയുടെ പ്രാധാന്യം വ്യക്തമാക്കുക ?

*പൂജ്യം ഡിഗ്രി രേഖാംശരേഖയാണ് ഗ്രീനിച്ച് രേഖ.

*ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ച് പട്ടണത്തിലൂടെയാണ് ഈ രേഖ കടന്നുപോകുന്നത്

*ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയും ഉള്ള സമയം നിർണയിക്കുന്നത്. അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു

*ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു.

*ഗ്രീനിച്ച് രേഖയുടെ അടിസ്ഥാനത്തിൽ ഒരു മണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 സമയമേഖലകളായി ലോകത്തെ തിരിച്ചിരിക്കുന്നു

**27** ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നത് എന്തുകൊണ്ട് ?

ഗ്രീനിച്ച് രേഖ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയും ഉള്ള സമയം നിർണയിക്കുന്നത്. അതിനാൽ ഗ്രീനിച്ച് രേഖയെ പ്രൈം മെറിഡിയൻ എന്ന് വിളിക്കുന്നു

**28** സ്റ്റാൻഡേർഡ് സമയം അഥവാ മാനകസമയം എന്നാൽ എന്ത് ?

ഓരോ രേഖാംശരേഖയിലേയും സമയം വ്യത്യസ്തമായിരിക്കും. ഒരു രാജ്യത്തിൽ തന്നെ വിവിധ സ്ഥലങ്ങൾക്ക് വ്യത്യസ്ത സമയമായാൽ അത് ഒട്ടേറെ ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാകും. ഈ പ്രതിസന്ധി മറികടക്കാൻ രാജ്യത്തിൻറെ ഏതാണ്ട് മദ്ധ്യഭാഗത്ത് കൂടി കടന്നുപോകുന്ന രേഖാംശയിലെ പ്രാദേശിക സമയത്തെ രാജ്യത്തെ മുഴുവൻ പൊതുസമയമായി കണക്കാക്കുന്നു. ഈ രേഖാംശരേഖയെ മാനകരേഖാംശം എന്നും മാനകരേഖാംശത്തിലെ സമയത്തെ സമയത്തെ സ്റ്റാൻഡേർഡ് ടൈം അഥവാ മാനകസമയം എന്നും പറയുന്നു

**29 ഒരു രാജ്യത്തിൽതന്നെ വിവിധ സ്ഥലങ്ങൾക്ക് വ്യത്യസ്ത സമയമായാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ എന്തെല്ലാം ?**

വിമാനം, തീവണ്ടി സമയങ്ങൾ പറയുന്നതിൽ ആശയക്കുഴപ്പങ്ങളും പ്രശ്നങ്ങളും ഉണ്ടാകും

ഒരേ സമയത്ത് നടത്തേണ്ട പൊതുപരീക്ഷകളുടെ കര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകും

റേഡിയോ, ടി വി പ്രക്ഷേപണങ്ങളിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാകും

**30 ഇന്ത്യയെ മാനകരേഖാംശം ആയി പരിഗണിക്കുന്നത് 82 1/2 ഡിഗ്രി പൂർവ്വ രേഖാംശമാണ്. എന്തുകൊണ്ട് ?**

പൂർവ്വരേഖാംശം 68 ഡിഗ്രി മുതൽ 98 ഡിഗ്രിവരെയാണ് ഇന്ത്യയുടെ രേഖാംശീയ വ്യാപ്തി. അതിനാൽ

ഇതിന്റെ ഏകദേശം മധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന 82 1/2 ഡിഗ്രി പൂർവ്വരേഖാംശത്തെ ഇന്ത്യയുടെ മാനകരേഖാംശം ആയി കണക്കാക്കുന്നു

**31 അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ പ്രാധാന്യം വ്യക്തമാക്കുക ?**

180 ഡിഗ്രി രേഖാംശ രേഖയാണ് അന്താരാഷ്ട്ര ദിനാങ്ക രേഖ

ഈ രേഖയുടെ ഇരുവശങ്ങളിൽ 24 മണിക്കൂർ സമയ വ്യത്യാസം രേഖപ്പെടുത്തുന്നു

അന്താരാഷ്ട്ര ദിനാങ്കരേഖ പൂർണ്ണമായും കരഭാഗങ്ങൾ ഒഴിവാക്കി ചിത്രീകരിച്ചിരിക്കുന്നത്

ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് പോകുന്ന ഒരാൾ കലണ്ടറിൽ ഒരു ദിവസം കൂടിയും കിഴക്കോട്ട് പോകുന്ന കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു

**32 അന്താരാഷ്ട്ര ദിനാങ്കരേഖ പൂർണ്ണമായും കരഭാഗങ്ങൾ ഒഴിവാക്കി ചിത്രീകരിച്ചിരിക്കുന്ന രേഖയാണ്. എന്തുകൊണ്ട് ?**

ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ സമയ വ്യത്യാസം ഉണ്ട്. കര ഭാഗത്തുകൂടി ഈ രേഖ കടന്നുപോയാൽ ഒരേ ജനവാസമേഖലയിൽ രണ്ട് വ്യത്യസ്ത ദിവസങ്ങൾ അനുഭവപ്പെടും

**33** ഗ്രീനിച്ച് രേഖയിലെസമയം ഉച്ചയ്ക്ക് **12** മണി ആയിരിക്കുമ്പോൾ **30** ഡിഗ്രി കിഴക്കൻ രേഖാംശത്തിലെ സമയം എത്രയായിരിക്കും **?**




രണ്ടു സ്ഥലങ്ങൾക്ക് ഇടയിലുള്ള രേഖാംശീയ വ്യത്യാസം = $30^0$

$15^0$ രേഖാംശത്തിലെ സമയവ്യത്യാസം = 1 മണിക്കൂർ

$30^0$ രേഖാംശത്തിലെ സമയവ്യത്യാസം = 30/15

= 2 മണിക്കൂർ

ഗ്രീനിച്ച് രേഖയുടെ കിഴക്കായതിനാൽ സമയം കൂടുന്നു

= 12 മണി + 2 മണിക്കൂർ = **2PM**

**34** ഗ്രീനിച്ച് രേഖയിലെസമയം ഉച്ചയ്ക്ക് **12** മണി ആയിരിക്കുമ്പോൾ **30** ഡിഗ്രി പടിഞ്ഞാറൻ രേഖാംശത്തിലെ സമയം എത്രയായിരിക്കും **?**




രണ്ടു സ്ഥലങ്ങൾക്ക് ഇടയിലുള്ള രേഖാംശീയ വ്യത്യാസം = $30^0$

$15^0$ രേഖാംശത്തിലെ സമയവ്യത്യാസം = 1 മണിക്കൂർ

$30^0$ രേഖാംശത്തിലെ സമയവ്യത്യാസം = 30/15

= 2 മണിക്കൂർ

ഗ്രീനിച്ച് രേഖയുടെ പടിഞ്ഞാറയതിനാൽ സമയം കുറയുന്നു

= 12 മണി - 2 മണിക്കൂർ = **10 AM**

**35    30 ഡിഗ്രി പടിഞ്ഞാറൻ രേഖാംശത്തിലെ സമയം  10 AM മണി ആയിരിക്കുമ്പോൾ 30 ഡിഗ്രി കിഴക്കൻ രേഖാംശത്തിലെ സമയം എത്രയായിരിക്കും ?**




രണ്ടു സ്ഥലങ്ങൾക്ക് ഇടയിലുള്ള രേഖാംശീയ വ്യത്യാസം = $60^0$

$15^0$ രേഖാംശത്തിലെ സമയവ്യത്യാസം = 1 മണിക്കൂർ

$30^0$ രേഖാംശത്തിലെ സമയവ്യത്യാസം = 60/15

= 4 മണിക്കൂർ

കിഴക്കോട്ട് വരുമ്പോൾ സമയം കൂടുന്നു

= 10AM + 4 മണിക്കൂർ = **2PM**

**35 30 ഡിഗ്രി കിഴക്കൻ രേഖാംശത്തിലെ സമയം തിങ്കൾ 2 AM മണി ആയിരിക്കുമ്പോൾ 30 ഡിഗ്രി പടിഞ്ഞാറൻ രേഖാംശത്തിലെ സമയം എത്രയായിരിക്കും ?**




രണ്ടു സ്ഥലങ്ങൾക്ക് ഇടയിലുള്ള രേഖാംശീയ വ്യത്യാസം = $60^0$

$15^0$ രേഖാംശത്തിലെ സമയവ്യത്യാസം = 1 മണിക്കൂർ

$30^0$ രേഖാംശത്തിലെ സമയവ്യത്യാസം = 60/15

= 4 മണിക്കൂർ

പടിഞ്ഞാറോട്ട് പോകുമ്പോൾ സമയം കുറയുന്നു

= തിങ്കൾ 2AM - 4 മണിക്കൂർ = ഞായർ **10 PM**